## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1726

14.07.2016-ൽ മറുപടിക്ക്

## സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേടുകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ. കൃഷ്ണൻകുട്ടി :** | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) പാലക്കാട് ജില്ലയിലെ തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതികളും സാമ്പത്തിക ക്രമക്കേടുകളും സംബന്ധിച്ച് സഹകരണ ആക്ട്, വകുപ്പ് 65 പ്രകാരം നടത്തിയ പരിശോധനാ റിപ്പോർട്ടിന്മേൽ നാളിതുവരെ ഒരു നടപടിയും എടുത്തിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ബാങ്കിൽ നടത്തിയ സഹകരണ വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിലെ ശിപാർശ പ്രകാരം സഹകരണ വിജിലൻസ് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) നിയമാനുസൃതമായ നടപടികളെടുക്കുന്നതിൽ വീഴ്ച വരുത്തിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; | (ബി) വിജിലൻസ് അന്വേഷണ നടപടികൾ പൂർത്തിയായെങ്കിൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരികയുള്ളൂ. |
| (സി) പ്രസ്തുത ബാങ്കിൽ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും നടത്തിയവർക്കെതിരെ നിയമാനുസൃതമായ നടപടികളെടുക്കുമോ? | (സി) അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**